## 2015-16 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

45 (T1443) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി അടങ്കലിന് എത്ര തുക മന്ത്രിസഭ അംഗീകരിച്ചു ; ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതമെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) 2015-16 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാനത്തിന് എത്ര തുക കേന്ദ്രം അനുവദിച്ചു ; ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതമെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഓരോ വർഷവും കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിലേക്കായി കേന്ദ്ര സഹായം ഉൾപ്പെടെ മൊത്തം 27,686.32 കോടി രൂപയുടെ പദ്ധതി അടങ്കലിനാണ് (State plan) മന്ത്രിസഭ അംഗീകാരം നൽകിയത്. വകുപ്പുതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2015-16 സാമ്പത്തിക വർഷം 66 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 7686.32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയിട്ടുള്ള തുക മേഖല/ ഉപമേഖല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ബി. കെ. ചതുർവേദി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2014-15-ൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66 ആക്കി ചുരുക്കിയിരുന്നു. 14-ാം ധനകാര്യ കമ്മീഷൻ കേന്ദ്ര പദ്ധതികളുടെ എണ്ണം വീണ്ടും കുറച്ചു കൊണ്ട് സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് കൂടുതൽ കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് നൽകണമെന്ന് ശിപാർശ ചെയ്യുകയും ഈ ശിപാർശ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംസ്ഥാനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാകുമെന്ന് കരുതപ്പെടുന്നു.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly